No. of Printed Pages : **4**

# 7963

Register Number

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |

# Language — Part I — MALAYALAM — Paper II

(Grammar, Composition and Non-detailed)

Time Allowed : 2½ Hours ] [ Maximum Marks : 100

**കുറിപ്പ് :** (1) അച്ചടിച്ചതിന്റെ ശുദ്ധത ഉറപ്പു വരുത്തുന്നതിനു വേണ്ടി ചോദ്യപേപ്പർ പരിശോധിക്കുക. ഏതെങ്കിലും തരത്തിലുള്ള കുഴപ്പമുണ്ടെങ്കിൽ ഉടനെ ഹോൾ സൂപ്പർവൈസറെ അറിയിക്കുക.

(2) എഴുതുവാനും അടിവരയിടുവാനും **കറുപ്പോ നീലയോ** നിറത്തിലുള്ള മഷിമാത്രം ഉപയോഗിക്കുക.

**I.** നിർദ്ദേശമനുസരിച്ച് **ഏതെങ്കിലും പത്തെണ്ണത്തിന്** ഉത്തരമെഴുതുക. **10x2=20**
(Answer **any ten** of the following according to the instructions)

1. അരങ്ങ് ആനന്ദത്തിന് ഉപയോഗിക്കുന്നു. അത് ആരാധനയ്ക്കും ഉപയോഗിക്കുന്നു. (ഒറ്റവാക്യമാക്കുക).

2. കുട്ടികൾ അധ്യാപകനാൽ പഠിപ്പിക്കപ്പെട്ടു. (പ്രയോഗം മാറ്റുക).

3. ഞാൻ ഇന്നലെ എത്തി. (ഭാവികാലരൂപം എഴുതുക).

4. കൊളമ്പീന്ന് ഇവിടെത്താൻ എത്ര ദിവസം വേണം ഞാൻ അന്വേഷിച്ചു (ഉചിതമായ ചിഹ്നങ്ങൾ ചേർക്കുക).

5. ഗായകൻ, വരൻ (എതിർലിംഗമെഴുതുക).

6. ക്രിയ എന്നാൽ എന്ത് ? ഉദാഹരണം എഴുതുക.

7. ഐക്യമത്യം, കവിയിത്രി – തെറ്റ് തിരുത്തുക.

8. തീപ്പെട്ടി, തിരുവാതിര – പിരിച്ചെഴുതുക

9. 'മകന് ' എന്ന പദം ഏതു വിഭക്തിയിൽ പെടുന്നു ?

[ Turn over

10. അനുയോജ്യം, കർശനം – വാക്യത്തിൽ പ്രയോഗിക്കുക.

11. ഭാരതം എന്ന ഭൂമി, മാതാവും പിതാവും – ഒറ്റപ്പദമാക്കുക.

12. ശരിയായ പദം തെരഞ്ഞെടുത്തെഴുതുക.
    (a) അനുഗൃഹം
    (b) അനുഗ്രഹം
    (c) ഹൃസ്വം
    (d) ഹ്രസ്വം

II. (a) പിരിച്ചെഴുതി സന്ധികാര്യം വ്യക്തമാക്കുക. 4x2=8
(Conjuction)

13. തിരയടിക്കുന്നു

14. ഇല്ലെന്ന്

15. കുട്ടിക്കുപ്പായം

16. കന്മതിൽ

(b) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക. 5x2=10
(Contraction)

17. യഥാക്രമം

18. നളനൃപൻ

19. ജരാനര

20. മുക്കണ്ണൻ

21. പൂമേനി

III. (a) രണ്ട് അലങ്കാരത്തിന്റെ ലക്ഷണമെഴുതി ഉദാഹരിക്കുക. 2x3=6
(Rhecorics)

22. ദീപകം

23. ഉല്ലേഖം

24. കാവ്യലിംഗം

(b) രണ്ട് വൃത്തത്തിന്റെ ലക്ഷണമെഴുതി ഉദാഹരിക്കുക. **2x3=6**
(Metric) metre

25. കാകളി

26. തരംഗിണി

27. വസന്ത തിലകം

**IV.** ഒന്നിനെ കുറിച്ച് ഒന്നരപ്പുറത്തിൽ ആശയം വിപുലീകരിച്ച് എഴുതുക. **1x10=10**

28. ''പാരതന്ത്ര്യം മാനികൾക്ക്
മൃതിയേക്കാൾ ഭയാനകം''

29. ''അധികമായാലമൃതും വിഷം''

**V.** തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **5x1=5**
(Read the paragraph and answer the following questions)

സ്ത്രീ പുരുഷനോടൊപ്പം സ്വാതന്ത്ര്യം അർഹിക്കുന്നവർ തന്നെയാണ്. സത്യത്തിൽ സ്ത്രീയും പുരുഷനും തുല്യമായ മാനസ്സിക സിദ്ധികളാൽ അനുഗ്രഹീതരാണ്. ശാരീരികമായി അബലകളെന്നു പറയാമെങ്കിലും അതിനും അപവാദങ്ങളില്ലാതില്ല. ഒഴുക്കിനെതിരെ നീന്തി പലരും ഉന്നത പദവികൾ അലങ്കരിച്ചിട്ടുണ്ട്. ഇന്ദിരാഗാന്ധി, സരോജിനി നായിഡു, റാണി ലക്ഷ്മിഭായി, ആനിബസന്റ് തുടങ്ങിയവർ ഇതിനുദാഹരണങ്ങളാണ്. സ്വാമി വിവേകാനന്ദൻ, മഹാത്മാഗാന്ധി തുടങ്ങിയവർ സ്ത്രീ സ്വാതന്ത്ര്യത്തിന് പച്ചക്കൊടി കാട്ടിയവരാണ്. പരിമിതികൾ ഏറെ ഉണ്ടെങ്കിലും അതിനുള്ളിൽ നിന്നുകൊണ്ട് പല സർഗ്ഗാത്മക പ്രവർത്തനങ്ങളും നടത്താനാകും. ഉചിതമായ വിദ്യാഭ്യാസം നൽകുകയാണ് ഇതിനുള്ള പോംവഴി. ചന്തുമേനോന്റെ 'ഇന്ദുലേഖ' എന്ന നോവലിലെ നായികയായ ഇന്ദുലേഖ ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയതു കൊണ്ടാണ് പഞ്ചുമേനോന്റെ മർക്കട മുഷ്ടിയിൽ നിന്നും മോചിതയായത്. സങ്കൽപമെങ്കിലും മഹത്തായ ഒരു ആശയം അതിനകത്തുണ്ട്. വിദ്യാഭ്യാസം സ്ത്രീ മനസ്സിനെ ഉയർന്ന നിലവാരത്തിൽ എത്തിക്കുന്നു. സ്ത്രീകൾ സ്വന്തം ശക്തിയും മഹത്വവും ഗ്രഹിച്ച് ശക്തി സ്വരൂപിണികളാവട്ടെ എന്നു പ്രത്യാശിക്കാം.

30. ഒഴുക്കിനെതിരെ നീന്തി ഉന്നത പദവികളിൽ എത്തിയ സ്ത്രീകൾ ആരെല്ലാം?

31. സ്ത്രീകളെ കുറിച്ച് ലേഖകൻ പ്രത്യാശിക്കുന്നത് എന്ത് ?

32. സ്ത്രീ സ്വാതന്ത്ര്യത്തിന് പച്ചക്കൊടി കാട്ടിയവർ ആരെല്ലാം?

33. ഇന്ദുലേഖയിലെ നായിക മോചിതയായതെങ്ങനെ ?

34. സ്ത്രീകളുടെ ഉന്നമനത്തിനുള്ള പോംവഴി എന്ത് ?

VI. 35. (a) പഠന യാത്രയിൽ നിങ്ങൾ കണ്ട കൗതുകകരമായ കാര്യം നിങ്ങളുടെ സുഹൃത്തിനെ അറിയിക്കുന്നതിന് ഒരു കത്തെഴുതുക. **1x10=10**

**അല്ലെങ്കിൽ**

(b) നിങ്ങളുടെ സ്കൂളിന്റെ അമ്പതാം വാർഷിക ആഘോഷ പരിപാടിയിൽ പങ്കെടുക്കാൻ ജില്ലാ കലക്ടറെ ക്ഷണിച്ച് കൊണ്ട് ഒരു കത്ത് എഴുതുക.

VII. ഏതെങ്കിലും ഒരു കഥയുടെ ആസ്വാദനം രണ്ടു പുറത്തിൽ കവിയാതെ എഴുതുക. **1x15=15**

36. പത്തു രൂപാ

37. കടൽത്തീരത്ത്

38. പാതിയിൽ മുറിഞ്ഞ പ്രാർത്ഥന

VIII. ഏതെങ്കിലും ഒരു വിഷയത്തെകുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക **1x10=10**

39. വന സമ്പത്ത് – സംരക്ഷണവും പ്രതിസന്ധിയും

40. ഭാരത സംസ്കാരത്തിന്റെ സവിശേഷതകൾ

41. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ

- o O o -